## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 8035 — 16/07/2014-ൽ മറുപടിക്ക്

### പ്രാക്തന ഗോത്ര വിഭാഗങ്ങളുടെ ഉന്നമനത്തിന് പ്രത്യേക പാക്കേജ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ :<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ:<br>ശ്രീ. വി.റ്റി. ബൽറാം:<br>ശ്രീ. വർക്കല കഹാർ: | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രാക്തന ഗോത്ര ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കേരളത്തിലെ പ്രത്യേക ദുർബല ഗോത്ര വർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി പതിമൂന്നാം ധനകാര്യ കമ്മീഷൻ പ്രത്യേക ഗ്രാന്റായി അനുവദിച്ച 148 കോടി രൂപ ഉപയോഗിച്ചുള്ള പദ്ധതി പ്രവർത്തനങ്ങൾ 2011-12 വർഷത്തിൽ ആരംഭിച്ചു. 2011-12 മുതൽ 2014-15 വരെയുള്ള നാല് വർഷമാണ് പദ്ധതി കാലയളവ്. 2011-12 വർഷം പദ്ധതി പ്രവർത്തനങ്ങൾക്ക് വക കൊള്ളിച്ച 11.55 കോടി രൂപയിൽ 9.77 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2012-13, 2013-14, 2014-15 (2014 ജൂൺ വരെ) വർഷങ്ങളിൽ യഥാക്രമം 36.93 കോടി, 56.82 കോടി, 5.15 കോടി രൂപ വീതം പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | അതിനായി പ്രത്യേക പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ഉണ്ട്. ചുവടെ ചേർക്കുന്ന പദ്ധതികളാണ് പാക്കേജിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നത്.<br>1. ഭവന നിർമ്മാണം<br>2. വൈദ്യുതീകരണം<br>3. കുടിവെള്ള പദ്ധതികൾ<br>4. മണ്ണ് സംരക്ഷണ പദ്ധതികൾ<br>5. റോഡ്<br>6. ആരോഗ്യ പരിപാലനം<br>7. പെരിപ്പതെറ്റിക് സെന്ററുകൾ<br>8. സ്പെഷ്യൽ അംഗൻ വാടികൾ<br>9. ഹെൽത്ത് പ്രൊമോട്ടർ<br>10. വന സംരക്ഷണത്തെക്കുറിച്ചുള്ള ബോധവൽക്കരണവും പരിശീലനവും<br>11. ഭക്ഷ്യ സഹായ പദ്ധതി<br>12. പ്ലാനിംഗ് ഇംപ്ലിമെന്റേഷൻ & മോണിറ്ററിംഗ്. |

| | | | |
|---|---|---|---|
| (സി) | എത്ര കോടി രൂപയാണ് പാക്കേജ് വഴി ചെലവാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | 148 കോടി രൂപയാണ് പദ്ധതിയ്ക്കായി ചെലവഴിക്കുന്നത്. പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. |
| (ഡി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | പദ്ധതി നടത്തിപ്പിനായി കോഴിക്കോട് കേന്ദ്രീകരിച്ച് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു ടീം 2011 ഡിസംബർ അവസാനം രൂപീകരിക്കുകയുണ്ടായി. പട്ടികവർഗ്ഗ വികസന വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറുടെ റാങ്കിലുള്ള ഉദ്യോഗസ്ഥനാണ് പദ്ധതി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ഇതുകൂടാതെ, പാലക്കാട്/തൃശ്ശൂർ, കൽപ്പറ്റ, ബത്തേരി, മാനന്തവാടി, പുൽപ്പള്ളി, നിലമ്പൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിനായി സെക്ടറൽ ഓഫീസർമാരെയും നിയമിച്ചിട്ടുണ്ട്. ഇതുകൂടാതെ, മണ്ണാർക്കാട് ആസ്ഥാനമാക്കി ഒരു സെക്ടറൽ ഓഫീസും കൂടി പുതുതായി അനുവദിച്ചിട്ടുണ്ട്. |

R.V

**സെക്ഷൻ ഓഫീസർ**